റഷ്യയിലേക്ക് യാത്ര ചെയ്യുന്ന ഇന്ത്യക്കാർക്കുള്ള മുന്നറിയിപ്പ്

റഷ്യൻ സൈന്യത്തിലേക്ക് ഇന്ത്യക്കാരെ റിക്രൂട്ട് ചെയ്യുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഞങ്ങൾ കാണുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടെ പല അവസരങ്ങളിലും ഗവൺമെന്റ് ഈ നടപടിയുമായി ബന്ധപ്പെട്ട അപകടസാധ്യതകളും ഭീഷണികളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ വിദേശത്ത് ജോലി അവസരങ്ങൾ തേടുമ്പോൾ ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്നും, സ്ഥിരീകരിക്കാത്ത വ്യക്തികൾ നൽകുന്ന ജോലി വാഗ്ദാനങ്ങളിൽ ആകൃഷ്ടരാകരുതെന്നും സമയാസമയങ്ങളിൽ മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

2. റഷ്യൻ സായുധ സേനയിൽ ചേരുന്നതിലൂടെ സാമ്പത്തിക ആനുകൂല്യങ്ങൾ നേടാമെന്നും, പിന്നീട് ഇന്ത്യൻ ഗവൺമെന്റിനെ സമീപിച്ച് അതിൽ നിന്ന് മോചനം നേടാമെന്നും കരുതി, വ്യക്തികൾ സ്വമേധയാ അതിനുള്ള അവസരങ്ങൾ തേടുന്ന നിരവധി സംഭവങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അപകടകരമായ വഴിയാണെന്നും ഗവൺമെന്റ് ശക്തമായി നിരുത്സാഹപ്പെടുത്തുന്നുവെന്നും ആവർത്തിച്ച് വ്യക്തമാക്കുന്നു.

3. വ്യക്തികൾ സ്വമേധയാ ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ച് റഷ്യൻ പാസ്പോർട്ട് നേടാനും, തുടർന്ന് റഷ്യൻ സായുധ സേനയിൽ ചേരാനുമായി ഇന്ത്യൻ അധികൃതരെ സമീപിച്ച നിരവധി സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. താൽക്കാലിക സാമ്പത്തിക നേട്ടങ്ങളിൽ ആകൃഷ്ടരായി, ഇന്ത്യൻ അധികൃതരുമായി ആലോചിക്കാതെ തന്നെ ചിലർ ഇതിനകം അപ്രകാരം ചെയ്തിട്ടുണ്ട്. ഇത്തരം നടപടികളുടെ ഗൗരവം വ്യക്തികൾ പരിഗണിക്കണമെന്നും അതുവഴി ജീവൻ അപകടത്തിലായേക്കാവുന്ന സാഹചര്യങ്ങൾ നേരിട്ടേക്കാമെന്നും വ്യക്തികൾ മനസ്സിലാക്കണമെന്ന് നിർദേശിക്കുന്നു. ഇത്തരം നടപടികളിൽ നിന്ന് വിട്ടുനിൽക്കാൻ ഇന്ത്യൻ പൗരന്മാരോട് ഗവൺമെന്റ് നിർദ്ദേശിക്കുന്നു.

4. സ്വമേധയാ പ്രവർത്തിക്കുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ള അനൗദ്യോഗിക സംഘങ്ങൾ റഷ്യൻ സായുധ സേനയിൽ

സേവനമനുഷ്ഠിക്കുന്നതിനായി വിദേശ പൗരന്മാരെ റിക്രൂട്ട് ചെയ്യുന്ന കാര്യം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശകാര്യ മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്യാത്ത ഏജന്റുമാരിൽ നിന്നുള്ള തൊഴിൽ വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതിന് മുൻപ് ഇന്ത്യൻ പൗരന്മാർ വേണ്ടത്ര ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു..

5. റഷ്യൻ സായുധ സേനയിലുള്ള എല്ലാ ഇന്ത്യൻ പൗരന്മാരുടെയും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും അവരെ എത്രയും വേഗം തിരിച്ചെത്തിക്കുന്നതിനുമായി ഇന്ത്യാ ഗവൺമെന്റ് റഷ്യൻ പക്ഷവുമായി നിരന്തരം ആശയവിനിമയം നടത്തിവരുന്നു.